(സി) ഈ സ്ഥലത്ത് കെട്ടിടം പണി തുടങ്ങിയിട്ടുണ്ടോ ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) കെട്ടിടം പണി തുടങ്ങിയിട്ടില്ലെങ്കിൽ എന്നത്തേയ്ക്ക് ഇതു തുടങ്ങാനാവുമെന്നും എന്നത്തേയ്ക്ക് പണി പൂർത്തീകരിക്കാൻ കഴിയും എന്നും വ്യക്തമാക്കുമോ;

(ഇ) കെട്ടിടം പണിക്കായി ഈ വർഷത്തെ ബഡ്ജറ്റിൽ തുക വക കൊള്ളിച്ചിട്ടുണ്ടോ; എങ്കിൽ എത്ര എന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി) ഗ്രാമ വികസന വകുപ്പിൽനിന്ന് 96 സെന്റ് സ്ഥലം ലഭിച്ചിട്ടുണ്ട്.

(സി)-(ഇ) കെട്ടിടം പണി ടെൻഡർ ചെയ്യാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. കെട്ടിടപണിയ്ക്കായി ഈ വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

148 (2334) മഞ്ചേരി ജില്ലാ ആശുപത്രിയുടെ കെട്ടിടം പണി

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ജില്ലാ ആശുപത്രിയോടനുബന്ധിച്ച് പ്രത്യേക വിഭാഗമായി മാതൃശിശു സംരക്ഷണ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം തുടങ്ങിയോ;

(ബി) ഇല്ലെങ്കിൽ എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) കെട്ടിടം പണിക്ക് ഈ വർഷത്തെ ബഡ്ജറ്റിൽ എന്തുതുക വക കൊള്ളിച്ചിട്ടുണ്ട്;

(ഡി) ഈ ആശുപത്രിയുടെ കെട്ടിടം പണി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി)മഞ്ചേരി ജില്ലാ ആശുപത്രിയോടനുബന്ധിച്ചുള്ള കെട്ടിട നിർമ്മാണത്തിന് പ്രാരംഭ പ്രവർത്തനങ്ങൾ മാത്രമേ ആരംഭിച്ചിട്ടുള്ളൂ.

(സി) ഈ വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല.

(ഡി) പണം ലഭ്യമാകുന്ന മുറയ്ക്ക് പണി പൂർത്തിയാക്കാവുന്നതാണ്.

149 (2335) കെ.എച്ച്.ആർ.ഡബ്ല്യൂ. സൊസൈറ്റിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാന സർക്കാർ ആശുപത്രികളോട് അനുബന്ധിച്ച് സ്ഥാപിച്ചിട്ടുള്ള കെ.എച്ച്.ആർ.ഡബ്ല്യൂ. സൊസൈറ്റി പേ വാർഡുകളുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(ബി) ഈ സ്ഥാപനത്തിന്റെ സേവനം ആവശ്യക്കാരിൽ ഒരു വലിയ വിഭാഗത്തിന് ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സൊസൈറ്റിയുടെ പ്രവർത്തനം കൂടുതൽ വിപുലമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഈ സൊസൈറ്റിയുടെ പ്രാധാന്യം കണക്കിലെടുത്ത് കേന്ദ്രീകൃത ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് ആവശ്യമായ ഫണ്ട് ലഭ്യമാക്കി കെ. എച്ച്.ആർ.ഡബ്ല്യൂ.എസിന്റെ ഒരു വിപുലമായ ശൃംഖല പടുത്തുയർത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) രോഗികൾക്ക് കുറഞ്ഞ ചെലവിൽ താമസസൗകര്യം പ്രയോജനപ്പെടുത്തി ചികിത്സ സ്വീകരിക്കുവാൻ കഴിയണമെന്ന ഉദ്ദേശത്തോടെയാണ് സർക്കാർ ആശുപത്രികളോടനുബന്ധിച്ച് പേ വാർഡുകൾ നിർമ്മിച്ചിട്ടുള്ളത്.

(ബി) ആവശ്യക്കാരുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് മൂലം അപേക്ഷകർക്കെല്ലാം ഉടനെ പേവാർഡുകൾ ലഭ്യമാക്കുവാൻ കഴിയാറില്ല.

(സി)&(ഡി) ധനകാര്യ സ്ഥാപനങ്ങളിൽനിന്നുള്ള ഫണ്ട് പ്രയോജനപ്പെടുത്തി സൊസൈറ്റിയുടെ പ്രവർത്തനമേഖല കൂടുതൽ വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

150 (2336) റാന്നി അങ്ങാടി പി.എച്ച്. സെന്ററിലെ ഡോക്ടർ നിയമനം

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി ആരംഭിച്ച റാന്നി അങ്ങാടി പി.എച്ച്.സെന്ററിൽ സ്ഥിരമായി ഡോക്ടറെ നിയമിച്ചിട്ടുണ്ടോ;

(ബി) ആഴ്ചയിൽ ഏതു ദിവസമാണ് ഇവിടെ ഡോക്ടർ എത്തുന്നത്; ഇവിടെ സ്ഥിരമായി ഡോക്ടറെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) റാന്നി താലൂക്കാശുപത്രിയിൽ താലൂക്കാശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ പ്രകാരം സ്റ്റാഫിനെ നിയമിക്കുവാൻ നൽകിയിരിക്കുന്ന പ്രൊപ്പോസൽ നടപ്പിലാക്കുവാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(ഡി) വനമദ്ധ്യത്തിൽ ഒറ്റപ്പെട്ടു കിടക്കുന്ന പമ്പാവാലിയിൽ പി.എച്ച്. സെന്റർ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി)ഇവിടെ സ്ഥിരം ഡോക്ടറെ നിയമിച്ചിട്ടുണ്ട്.

(സി) റാന്നി താലൂക്കാശുപത്രിയുടെ കെട്ടിട നിർമ്മാണം പൂർത്തിയായശേഷം സ്റ്റാഫിനെ നിയമിക്കുന്നകാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly